**UNIVERSITY OF KERALA**

**Thiruvananthapuram, Kerala, India – 695034**

**(Established as University of Travancore by the Travancore University Act in1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)**

**(Re-accredited by NAAC with 'A' Grade)**

നമ്പർ. 35440/Admn A V/2020/UOK  തീയതി : 31.12.2020

## സർക്കുലർ

വിഷയം:- കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലും സർവകലാശാല പഠനവകുപ്പുകളിലും നേരിട്ടുള്ള ക്ലാസുകൾ ആരംഭിക്കുന്നത് -സംബന്ധിച്ച്

സൂചന :- 1.കോവിഡ് 19 - പോസ്റ്റ് ലോക്ക്ഡൌൺ -കോളേജുകളും സർവകലാശാലകളും വീണ്ടും തുറക്കുന്നതിനുള്ള യു.ജി.സി മാർഗരേഖ -നവംബർ 2020

2. G.O (Rt)No.1609/2020/H.Edn തിയതി 23.12.2020

മേൽ സൂചന(2)പ്രകാരം, കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ, 2020-21 അക്കാദമിക വർഷത്തിലെ നേരിട്ടുള്ള ക്ലാസുകൾ 04.01.2021 മുതൽ ആരംഭിക്കുന്നതിന് ഉന്നതവിദ്യാഭ്യാസവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യിട്ടുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലും സർവകലാശാല പഠന - ഗവേഷണ വകുപ്പുകളിലും നേരിട്ടുള്ള ക്ലാസുകൾ പ്രസ്തുത തീയതി മുതൽ തുടങ്ങേണ്ടതാണ്. കോളജുകളിൽ പ്രധാനമായും അവസാന വർഷ ബിരുദക്ലാസ്സുകളും ഒന്നും രണ്ടും വർഷ ബിരുദാനന്തരബിരുദ ക്ലാസ്സുകളുമാണ് നേരിട്ട് നടത്തേണ്ടത്. ആയതിനാൽ, ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം.

1. യുജിസിയും സംസ്ഥന ഹയർ എഡ്യുക്കേഷൻ വകുപ്പും നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ വിദ്യാർത്ഥികളുടെ എണ്ണവും ആരോഗ്യ സുരക്ഷാ സംവിധാനങ്ങളും സ്ഥാപനങ്ങളിൽ ക്രമീകരിച്ചിരിക്കണം.
2. ബിരുദാനന്തര ബിരുദം / ബിഎഡ്/ എൽ.എൽ.ബി തുടങ്ങി വിദ്യാർത്ഥികളുടെ എണ്ണം കുറവായ ക്ലാസുകൾ മുഴുവനായും സാമൂഹികാകാലം പാലിച്ച് നടത്താവുന്നതാണ് .
3. ബാക്കിയുള്ള കോഴ്സുകൾക്ക് ക്ലാസ് മുറികളുടെ സാഹചര്യം അനുസരിച്ച് പരമാവധി ഉൾക്കൊള്ളിക്കാനാവുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ പകുതി (50%) വിദ്യാർത്ഥികൾക്ക് ഒരു സമയം നേരിട്ട് ക്ലാസ് നൽകുക.
4. പഠന- ഗവേഷണ വിഭാഗങ്ങളിലെ അദ്ധ്യാപകരും ഗവേഷകരും വിഭാഗങ്ങളിൽ ഹാജരാവേണ്ടതാണ്.
5. മറ്റു ഗവേഷണകേന്ദ്രങ്ങളിലെ ഗവേഷകരും ഹാജരാക്കേണ്ടതാണ്.
6. കൂടുതൽ പ്രാധാന്യമുള്ള പാഠഭാഗങ്ങൾക്കും എല്ലാ കോഴ്സുകളുടെയും ലബോറട്ടറി ക്ലാസ്സുകൾക്കുമാണ് മുൻഗണന നൽകേണ്ടത്.
7. മുകളിൽ പറഞ്ഞിരിക്കുന്നതല്ലാതെയുള്ള ക്ലാസ്സുകൾക്ക് നിലവിലെ ഓൺലൈൻ പഠനം തുടരേണ്ടതുണ്ട്. അതിനുതകുന്ന ക്രമീകരണങ്ങൾ അതതു സ്ഥാപനങ്ങളുടെ കൌൺസിൽ തീരുമാനപ്രകാരം രൂപപ്പെടുത്താവുന്നതാണ്.
8. ശാരീരിക അകലം ഉറപ്പുവരുത്തുന്നതിന് കോളേജുകളിൽ വിദ്യാർത്ഥികളെ പകുതിവീതം ഉൾകൊള്ളിച്ച് ഷിഫ്റ്റുകളായി ക്രമീകരിക്കാവുന്നതാണ്.
9. കുട്ടികൾ കൂട്ടം കൂടുന്നതും ആഹാരപദാർത്ഥങ്ങൾ പങ്ക് വെയ്ക്കുന്നതും പൂർണമായും ഒഴിവാക്കണം.
10. ഹോസ്റ്റൽ, കോളേജ് , കാന്റീൻ , ക്ലാസുകൾ തുടങ്ങിയവ കോവിഡ് നിയന്ത്രണങ്ങൾ പാലിക്കുന്നുവെന്ന് പ്രിൻസിപ്പൽ ഉറപ്പുവരുത്തണം.
11. ബന്ധപ്പെട്ട ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ക്ലാസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കോളേജ് കൌൺസിൽ ഉചിതമായ തിരുമാനങ്ങൾ കൈക്കൊണ്ട് സർവകലാശാല രജിസ്ട്രാറിനെ അറിയിക്കേണ്ടതാണ് .
12. ആദ്യത്തെ 10 ദിവസങ്ങളുടെ പഠന പ്രവർത്തനങ്ങളുടെ സ്ഥിതി പരിശോധിച്ച് ക്ലാസ്സുകളുടെ തുടർച്ച

സംബന്ധിച്ച നിർദ്ദേശം ആവശ്യമെങ്കിൽ പിന്നീട് നൽകുന്നതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ ഉദ്യോഗസ്ഥരും പാലിക്കേണ്ടതും ഇക്കാര്യം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഉറപ്പാക്കേണ്ടതുമാണ്

ഡോ സി ആർ പ്രസാദ്
രജിസ്ട്രാർ(i/c)

സ്വീകർത്താവ്

(1) വി .സി /പി. വി. സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
(2) രജിസ്ട്രാർ/ എഫ് .ഒ/ സി .ഇ / ഡി.പി .ഡി എന്നിവരുടെ പി .എ മാർക്ക്
(3) എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും
(4) എല്ലാ ജെ .ആർ മാർക്കും/എല്ലാ ഡി ആർ മാർക്കും
(5) സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി